നിജപ്പെടുത്തിയതുകൊണ്ടും പാലിന്റെ വില കൃത്യസമയത്ത് മിൽമയ്ക്കു നൽകുന്നതിലുണ്ടായ കാലതാമസത്താലും ചില സ്ഥലങ്ങളിൽ പാൽ വിതരണം മുടങ്ങിയിട്ടുണ്ട്.

സംസ്ഥാനത്തെ അംഗൻവാടികൾ

33 (1225) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പുതുതായി അംഗൻവാടികൾ സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാം ; എന്നത്തേയ്ക്ക് സ്ഥാപിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ;

(ഡി) അംഗൻവാടികൾ പുതുതായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 24335 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	2076
കൊല്ലം	2114
പത്തനംതിട്ട	1187
ആലപ്പുഴ	1794
കോട്ടയം	1726
ഇടുക്കി	1126
എറണാകുളം	2111
തൃശ്ശൂർ	2475
പാലക്കാട്	2046
മലപ്പുറം	2393
കോഴിക്കോട്	2200
വയനാട്	516
കണ്ണൂർ	1708
കാസർകോഡ്	863
ആകെ	24335

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ സ്ഥാപിക്കുന്നതാണ്.

(ഡി) പുതുതായി അംഗൻവാടികൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്.

പുതിയ അംഗൻവാടികൾ

34 (1226) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ അംഗൻവാടികൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ ഏതൊക്കെ സ്ഥലമാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്രസർക്കാരിന്റെ അനുവാദം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ സ്ഥാപിക്കുന്നതാണ്.

അംഗൻവാടികൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദ്ണ്ഡം

35 (1227) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗൻവാടികൾ അനുവദിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത മാനദണ്ഡം രൂപപ്പെടുത്താനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണോ ;

(സി) അല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ജനസംഖ്യാനുപാതികമായി അംഗൻവാടികൾ അനുവദിക്കാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഇ) അംഗൻവാടികളിലെ പോഷകാഹാര വിതരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗൻവാടി എന്ന മാനദണ്ഡമാണ് സംസ്ഥാനത്ത് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ മേഖലകളിൽ എഴുന്നൂറ് ജനസംഖ്യയ്ക്ക് ഒരംഗൻവാടി എന്ന മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) അല്ല.

(സി) കേന്ദ്രസർക്കാർ നൽകിയിട്ടുള്ള ഐ.സി.ഡി.എസ്. മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly